"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കുറിച്ചി എ.വി. ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾടൈം മീനിയൽ ആയ ശ്രീ ടി.ജി. ടിജിന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3085/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 21.10.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.02.2026 തീയതിയിലെ DGE/22218/2025-ET2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കുറിച്ചി എ.വി. ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾടൈം മീനിയൽ ആയ ശ്രീ ടി.ജി. ടിജിന്റെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. കോട്ടയം ജില്ലയിലെ എ.വി.എച്ച്.എസ്.എസ്, കുറിച്ചിയിലെ എഫ്.റ്റി.എം ആയ ശ്രീമതി ലോല വി.എസ്., ബി.എഡ് കോഴ്സ് പൂർത്തീകരിക്കുന്നതിനായി 28/07/2018 മുതൽ 30/04/2020 വരെ എടുത്ത അവധി ഒഴിവിൽ സ്കൂൾ മാനേജർ ശ്രീ ടിജിൻ റ്റി.ജി. -യെ 30/07/2018 മുതൽ 31/05/2020 വരെ നിയമിച്ചു. ശ്രീമതി ലോല വി.എസ്.ന്റെ ബി.എഡ് കോഴ്സ് പൂർത്തീകരിക്കുന്നതിനായി എടുത്ത അവധി അനുവദിച്ചുത്തരവായിട്ടില്ലാത്തതിനാൽ ഒഴിവു വ്യവസ്ഥാപിതമായിട്ടില്ല, കൂടാതെ സ.ഉ.(അച്ചടി) 199/2016/പൊവിവ തീയതി 03/12/2016 പ്രകാരം ഒരു വർഷത്തിൽ അധികമുള്ള ഒഴിവുകളിൽ സംരക്ഷിത ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ല എന്നീ കാരണത്താൽ നിയമനാംഗീകാര ശിപാർശ നിരസിച്ചു ഉത്തരവായി. ഇതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ, റിവിഷൻ അപ്പീൽ എന്നിവയും ഇതേ കാരണങ്ങളാൽ നിരസിച്ചു നൽകിയിരുന്നു.

3. നിലവിൽ 06/01/2021 ലെ സ.ഉ (സാധാ) 140/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ലോല വി.എസ്. -ന്, 28/07/2018 മുതൽ 30/04/2020 വരെ ബി.എഡ് പഠനത്തിനുള്ള ശൂന്യവേതന അവധി അനുവദിച്ചുത്തരവായിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. എന്നാൽ, 03/12/2016-ലെ സ.ഉ. (പി) 199/2016/പൊ.വി.വ പ്രകാരം കെ.ഇ.ആർ അധ്യായം XXI ചട്ടം 7, അധ്യായം XXIII എന്നിവയിൽ സ്ഥായിയായ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. ഒരു വർഷത്തിൽ അധികമുള്ള ഒഴിവുകളിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്ന് വ്യവസ്ഥ ഉള്ളതിനാൽ, കെ.ഇ.ആർ അധ്യായം XXI ചട്ടം 7 ഉപചട്ടം 4, ഉപചട്ടം 10 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നിയമ വ്യവസ്ഥകളുടെ പ്രത്യക്ഷ ലംഘനമാണ് ശ്രീ ടിജിൻ റ്റി.ജി. -യെ നിയമിച്ചുമൂലം മാനേജർ

നടത്തിയിട്ടുള്ളത്.

4. ഒരു മാനേജർ, കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും വിധം വകുപ്പുതല നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിദ്യാഭ്യാസപരവും അക്കാദമിക താൽപ്പര്യവും മുൻനിർത്തി സർക്കാർ ഖജനാവിന് അധിക സാമ്പത്തിക നഷ്ടം വരാതെ മാത്രമേ തന്റെ കീഴിലുള്ള സ്കൂളുകളിൽ നിയമനം നടത്താവൂ. ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമല്ലാതെ നടത്തുന്ന നിയമനങ്ങൾക്ക് പൂർണ്ണ ഉത്തരവാദി മാനേജർ മാത്രമായിരിക്കും, എന്നതിനാൽ ശ്രീമതി ലോല വി.എസ്. ബി.എഡ് കോഴ്സ് പൂർത്തീകരിക്കുന്നതിനായി എടുത്ത അവധി ഒഴിവിൽ ക്രമപ്രകാരമല്ലാതെ നടത്തിയ ശ്രീ ടിജിൻ ടി.ജി.-യുടെ നിയമനാംഗീകാര ശിപാർശ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ ടി.ജി. ടിജിന്റെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, എസ്.എൻ.ഡി.എസ്.റ്റി. സ്കൂൾസ്, ശിവഗിരി മഠം, വർക്കല.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S1/228/2025-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 07-05-2026 12:15:35

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.